# പതിനാലാം കേരള നിയമസഭ

## എട്ടാം സമ്മേളനം

# ബുള്ളറ്റിൻ—ഭാഗം I

(നിയമസഭാ നടപടികളുടെ സംക്ഷിപ്ത വിവരണം)

2017 നവംബർ 9, വ്യാഴം

**നമ്പർ 92**

രാവിലെ 9.00 മണിക്ക് സ്പീക്കറുടെ അദ്ധ്യക്ഷതയിൽ നിയമസഭ സമ്മേളിച്ചു (സഭാ നടപടികൾ ആരംഭിക്കുന്നതിന് മുൻപ് ദേശീയഗാനം ആലപിക്കുകയുണ്ടായി)

അംഗത്തിന്റെ സത്യപ്രതിജ്ഞ :

വേങ്ങര നിയോജക മണ്ഡലത്തിൽ നടന്ന ഉപതെരഞ്ഞെടുപ്പിൽ തെരഞ്ഞെടുക്കപ്പെട്ട ശ്രീ. കെ. എൻ. എ. ഖാദർ നിയമസഭാംഗമായി സത്യപ്രതിജ്ഞ ചെയ്ത് അംഗത്വ രജിസ്റ്ററിലും പ്രതിജ്ഞാ ഫാറത്തിലും ഒപ്പുവച്ചു.

മേശപ്പുറത്തുവച്ച കടലാസ് :

സോളാർ അഴിമതിയെക്കുറിച്ച് അന്വേഷിച്ച ജസ്റ്റിസ് (റിട്ട.) ജി. ശിവരാജൻ കമ്മീഷന്റെ റിപ്പോർട്ടും അതിൻമേൽ സർക്കാർ സ്വീകരിച്ച നടപടികളെ സംബന്ധിച്ച മെമ്മോറാണ്ടവും മുഖ്യമന്ത്രി ശ്രീ. പിണറായി വിജയൻ മേശപ്പുറത്തുവച്ചു

ചട്ടം 300 അനുസരിച്ചുള്ള പ്രസ്താവന :

സോളാർ അഴിമതിയെക്കുറിച്ച് അന്വേഷിച്ച ജസ്റ്റിസ് (റിട്ട.) ജി. ശിവരാജൻ കമ്മീഷന്റെ റിപ്പോർട്ടിനെ സംബന്ധിച്ച് മുഖ്യമന്ത്രി ശ്രീ. പിണറായി വിജയൻ ചട്ടം 300 അനുസരിച്ച് ഒരു പ്രസ്താവന നടത്തി.

സ്പീക്കറുടെ റൂളിംഗ് :

സോളാർ അഴിമതിയെക്കുറിച്ച് അന്വേഷിച്ച ജസ്റ്റിസ് (റിട്ട.) ജി. ശിവരാജൻ കമ്മീഷൻ റിപ്പോർട്ടിലെ നിഗമനങ്ങളും നിയമോപദേശങ്ങളും സംബന്ധിച്ച വിശദാംശങ്ങൾ പ്രസ്തുത റിപ്പോർട്ട് സഭയുടെ മേശപ്പുറത്ത് വയ്ക്കുന്നതിന് മുൻപ് ബഹു. മുഖ്യമന്ത്രി പത്രസമ്മേളനത്തിൽ വെളിപ്പെടുത്തിയത് കീഴ്‌വഴക്കങ്ങളുടെ ലംഘനമാണ് എന്ന് ആരോപിച്ച് പ്രതിപക്ഷ നേതാവ് ഉന്നയിച്ച ക്രമപ്രശ്നത്തിന് സ്പീക്കർ താഴെപ്പറയുന്ന റൂളിംഗ് നൽകി:

"1952-ലെ കമ്മീഷൻ ഓഫ് എൻക്വയറീസ് ആക്റ്റിലെ വ്യവസ്ഥ പ്രകാരം നിയോഗിക്കപ്പെട്ട ജസ്റ്റിസ് ജി. ശിവരാജൻ കമ്മീഷൻ ഗവൺമെന്റിന് സമർപ്പിച്ച റിപ്പോർട്ടിലെ നിഗമനങ്ങളുടെയും നിയമോപദേശങ്ങളുടെയും നടപടികൾ സംബന്ധിച്ച വിശദാംശങ്ങൾ പ്രസ്തുത റിപ്പോർട്ട് സഭയിൽ സമർപ്പിക്കുന്നതിന് മുമ്പുതന്നെ ബഹുമാനപ്പെട്ട മുഖ്യമന്ത്രി പത്രസമ്മേളനത്തിൽ വെളിപ്പെടുത്തിയെന്നും അത് സഭയുടെ കീഴ്‌വഴക്കങ്ങൾക്ക് വിരുദ്ധമായ നടപടിയാണെന്നുമാണ് ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് ക്രമപ്രശ്നത്തിലൂടെ ഉന്നയിച്ചിരിക്കുന്നത്. ഇക്കാര്യം സംബന്ധിച്ച് ഗവൺമെന്റിന്റെ ഭാഗത്തുനിന്നും ബഹുമാനപ്പെട്ട മുഖ്യമന്ത്രി നടപടികളുടെ വിശദാംശം നൽകുകയുണ്ടായി.

KNPP. 68/2018(i).

പ്രതിപക്ഷ നേതാവ് ക്രമപ്രശ്നത്തിലൂടെ ഉന്നയിച്ചിരിക്കുന്ന കാര്യവും മുഖ്യമന്ത്രിയുടെ വിശദീകരണവും എല്ലാവരും കേട്ടതും ചെയർ സശ്രദ്ധം പരിശോധിച്ചതുമാണ്. 1952-ലെ കമ്മീഷൻ ഓഫ് എൻക്വയറീസ് ആക്ടിലെ സെക്ഷൻ 3, 4 വ്യവസ്ഥ പ്രകാരം അന്വേഷണ കമ്മീഷന്റെ റിപ്പോർട്ട് സർക്കാരിന് ലഭിച്ച് കഴിഞ്ഞാൽ 6 മാസത്തിനകം റിപ്പോർട്ടിലെ ശിപാർശകളിന്മേൽ സ്വീകരിച്ച നടപടി സ്റ്റേറ്റ്മെന്റ് സഹിതം സഭയിൽ സമർപ്പിക്കേണ്ടതാണ്. എന്നാൽ സഭാ രേഖകൾ പരിശോധിച്ചാൽ, കഴിഞ്ഞ കാലങ്ങളിൽ നിയമിക്കപ്പെട്ട ഒട്ടുമിക്ക കമ്മീഷനുകളുടെയും അന്വേഷണ റിപ്പോർട്ടുകൾ സമർപ്പിച്ചത് കാലപരിധിക്കുള്ളിൽ ആയിരുന്നില്ലെന്ന് മാത്രമല്ല കാലദൈർഘ്യത്തിന്റെ ഉത്തമ ഉദാഹരണങ്ങളുമായിരുന്നു. 134 അന്വേഷണ കമ്മീഷൻ റിപ്പോർട്ടുകൾ സമർപ്പിക്കപ്പെട്ടത് സംബന്ധിച്ചുള്ള വിശദാംശങ്ങൾ ചെയർ പരിശോധിക്കുകയുണ്ടായി. ഈ 134 റിപ്പോർട്ടുകളിൽ നിന്നും വ്യത്യസ്തമായി 2017 സെപ്റ്റംബർ 27-ന് സർക്കാരിന് ലഭിച്ച കമ്മീഷൻ റിപ്പോർട്ട് സംബന്ധിച്ച നടപടി വിശദാംശങ്ങളാണ് ഇന്ന് സഭയിൽ ലഭ്യമായിട്ടുള്ളതെന്നാണ് എനിക്ക് വിശദീകരിക്കാനുള്ളത്. ഇത് അങ്ങേയറ്റം മാതൃകാപരവും അഭിനന്ദനീയവുമാണെന്ന് ചെയർ സൂചിപ്പിക്കുകയാണ്. ജുഡീഷ്യൽ അന്വേഷണ കമ്മീഷൻ റിപ്പോർട്ടുകളെ സംബന്ധിച്ച് ഇന്ന് നിലവിലുള്ള വ്യവസ്ഥാപിതമായ ധാരണകൾ ഇല്ലാതാക്കുകയും അതിനുള്ള സാധ്യതകൾ സംബന്ധിച്ച് പൊതു സമൂഹത്തിന് മുന്നിൽ ആത്മവിശ്വാസം വർദ്ധിപ്പിക്കുകയും ചെയ്യുന്ന നടപടിയായാണ് ചെയർ ഇതിനെ കാണുന്നത്. റിപ്പോർട്ടിലെ നിരീക്ഷണങ്ങളുടെയും ശിപാർശയുടെയും അടിസ്ഥാനത്തിൽ സർക്കാരിന് ലഭിച്ച നിയമോപദേശത്തിന്റെയും അക്കാര്യത്തിലുള്ള മന്ത്രിസഭാ തീരുമാനത്തിന്റെയും വിശദാംശങ്ങൾ മാത്രമാണ് 11-10-2017-ലെ പത്രസമ്മേളനത്തിലൂടെ വെളിപ്പെടുത്തിയതെന്നും മറിച്ച്, കമ്മീഷൻ റിപ്പോർട്ടിലെ ശിപാർശകളുടെ മെരിറ്റിലേക്ക് കടന്നിട്ടില്ലെന്നുമാണ് ബഹുമാനപ്പെട്ട മുഖ്യമന്ത്രി വിശദീകരിച്ചത്. അത് ന്യായയുക്തമാണെന്ന് ചെയർ കാണുന്നു. ഇതിൽ മഹത്തായ ഈ സഭയുടെ കീഴ്‌വഴക്കങ്ങളുടെയും ചട്ടങ്ങളുടെയും എന്തെങ്കിലും ലംഘനമുള്ളതായി കാണാൻ കഴിയുന്നില്ല. അതിനാൽ ക്രമപ്രശ്നം നിലനിൽക്കുന്നതല്ലെന്ന് ചെയർ റൂൾ ചെയ്യുന്നു."

സഭ അനിശ്ചിതകാലത്തേക്ക് പിരിയുന്നത് സംബന്ധിച്ച് മുഖ്യമന്ത്രി അവതരിപ്പിച്ച പ്രമേയം സഭ അംഗീകരിച്ചു.

സഭാ നടപടികളുടെ അവസാനം ദേശീയഗാനം ആലപിക്കപ്പെട്ടു

രാവിലെ 9.42-ന് സഭ അനിശ്ചിതകാലത്തേക്ക് പിരിഞ്ഞു.

വി. കെ. ബാബുപ്രകാശ്,
*സെക്രട്ടറി.*

FOURTEENTH KERALA LEGISLATIVE ASSEMBLY

**Eighth Session**

# BULLETIN—PART I

(Brief Record of Proceedings )

*Thursday, November 9, 2017*

**No. 92**

The Assembly met at 9.00 a.m. with Mr. Speaker in the Chair.

(National Anthem was sung before the commencement of the proceedings)

*Oath by Member* :

Shri K. N. A. Khader, elected in the bye-election from Vengara Constituency, made oath as Member of the Legislative Assembly and signed in the form of oath and Roll of Members.

*Paper laid on the Table* :

Shri Pinarayi Vijayan, the Chief Minister laid on the Table, the Report of Justice (Rtd.) G. Sivarajan Commission which inquired into the Solar Scam together with the Memorandum of Action taken by the Government on the Report.

*Statement under Rule 300* :

Shri Pinarayi Vijayan, the Chief Minister made a statement under Rule 300, regarding the Report of Justice (Rtd.) G. Sivarajan Commission which inquired into the Solar Scam.

*Ruling by the Speaker* :

The Speaker gave the following Ruling on a Point of Order raised by the Leader of Opposition that the disclosure, by the Chief Minister through Press Conference, of the details of findings and legal opinions relating to Justice (Rtd.) G. Sivarajan Commission Report on Solar Scam, has been violation of precedents of the House.

"1952-ലെ കമ്മീഷൻ ഓഫ് എൻക്വയറീസ് ആക്ടിലെ വ്യവസ്ഥ പ്രകാരം നിയോഗിക്കപ്പെട്ട ജസ്റ്റിസ് ജി.ശിവരാജൻ കമ്മീഷൻ ഗവൺമെന്റിന് സമർപ്പിച്ച റിപ്പോർട്ടിലെ നിഗമനങ്ങളുടെയും നിയമോപദേശങ്ങളുടെയും നടപടികൾ സംബന്ധിച്ച വിശദാംശങ്ങൾ പ്രസ്തുത റിപ്പോർട്ട് സഭയിൽ സമർപ്പിക്കുന്നതിന് മുമ്പുതന്നെ ബഹുമാനപ്പെട്ട മുഖ്യമന്ത്രി പത്രസമ്മേളനത്തിൽ വെളിപ്പെടുത്തിയെന്നും അത് സഭയുടെ കീഴ്‌വഴക്കങ്ങൾക്ക് വിരുദ്ധമായ നടപടിയാണെന്നുമാണ് ബഹുമാനപ്പെട്ട പ്രതിപക്ഷ

നേതാവ് ക്രമപ്രശ്നത്തിലൂടെ ഉന്നയിച്ചിരിക്കുന്നത്. ഇക്കാര്യം സംബന്ധിച്ച് ഗവൺമെന്റിന്റെ ഭാഗത്തുനിന്നും ബഹുമാനപ്പെട്ട മുഖ്യമന്ത്രി നടപടികളുടെ വിശദാംശം നൽകുകയുണ്ടായി. പ്രതിപക്ഷ നേതാവ് ക്രമപ്രശ്നത്തിലൂടെ ഉന്നയിച്ചിരിക്കുന്ന കാര്യവും മുഖ്യമന്ത്രിയുടെ വിശദീകരണവും എല്ലാവരും കേട്ടതും ചെയർ സശ്രദ്ധം പരിശോധിച്ചതുമാണ്. 1952-ലെ കമ്മീഷൻ ഓഫ് എൻക്വയറീസ് ആക്ടിലെ സെക്ഷൻ 3, 4 വ്യവസ്ഥ പ്രകാരം അന്വേഷണ കമ്മീഷന്റെ റിപ്പോർട്ട് സർക്കാരിന് ലഭിച്ച് കഴിഞ്ഞാൽ 6 മാസത്തിനകം റിപ്പോർട്ടിലെ ശിപാർശകളിന്മേൽ സ്വീകരിച്ച നടപടി സ്റ്റേറ്റ്മെന്റ് സഹിതം സഭയിൽ സമർപ്പിക്കേണ്ടതാണ്. എന്നാൽ സഭാ രേഖകൾ പരിശോധിച്ചാൽ, കഴിഞ്ഞ കാലങ്ങളിൽ നിയമിക്കപ്പെട്ട ഒട്ടുമിക്ക കമ്മീഷനുകളുടെയും അന്വേഷണ റിപ്പോർട്ടുകൾ സമർപ്പിച്ചത് കാലപരിധിക്കുള്ളിൽ ആയിരുന്നില്ലെന്ന് മാത്രമല്ല കാലദൈർഘ്യത്തിന്റെ ഉത്തമ ഉദാഹരണങ്ങളുമായിരുന്നു 134 അന്വേഷണ കമ്മീഷൻ റിപ്പോർട്ടുകൾ സമർപ്പിക്കപ്പെട്ടത് സംബന്ധിച്ചുള്ള വിശദാംശങ്ങൾ ചെയർ പരിശോധിക്കുകയുണ്ടായി. ഈ 134 റിപ്പോർട്ടുകളിൽ നിന്നും വ്യത്യസ്തമായി 2017 സെപ്റ്റംബർ 27-ന് സർക്കാരിന് ലഭിച്ച കമ്മീഷൻ റിപ്പോർട്ട് സംബന്ധിച്ച നടപടി വിശദാംശങ്ങളാണ് ഇന്ന് സഭയിൽ ലഭ്യമായിട്ടുള്ളതെന്നാണ് എനിക്ക് വിശദീകരിക്കാനുള്ളത്. ഇത് അങ്ങേയറ്റം മാതൃകാപരവും അഭിനന്ദനീയവുമാണെന്ന് ചെയർ സൂചിപ്പിക്കുകയാണ്. ജുഡീഷ്യൽ അന്വേഷണ കമ്മീഷൻ റിപ്പോർട്ടുകളെ സംബന്ധിച്ച് ഇന്ന് നിലവിലുള്ള വ്യവസ്ഥാപിതമായ ധാരണകൾ ഇല്ലാതാക്കുകയും അതിനുള്ള സാധ്യതകൾ സംബന്ധിച്ച് പൊതു സമൂഹത്തിന് മുന്നിൽ ആത്മവിശ്വാസം വർദ്ധിപ്പിക്കുകയും ചെയ്യുന്ന നടപടിയായാണ് ചെയർ ഇതിനെ കാണുന്നത്. റിപ്പോർട്ടിലെ നിരീക്ഷണങ്ങളുടെയും ശിപാർശയുടെയും അടിസ്ഥാനത്തിൽ സർക്കാരിന് ലഭിച്ച നിയമോപദേശത്തിന്റെയും അക്കാര്യത്തിലുള്ള മന്ത്രിസഭാ തീരുമാനത്തിന്റെയും വിശദാംശങ്ങൾ മാത്രമാണ് 11-10-2017-ലെ പത്രസമ്മേളനത്തിലൂടെ വെളിപ്പെടുത്തിയതെന്നും മറിച്ച്, കമ്മീഷൻ റിപ്പോർട്ടിലെ ശിപാർശകളുടെ മെറിറ്റിലേക്ക് കടന്നിട്ടില്ലെന്നുമാണ് ബഹുമാനപ്പെട്ട മുഖ്യമന്ത്രി വിശദീകരിച്ചത്. അത് ന്യായയുക്തമാണെന്ന് ചെയർ കാണുന്നു. ഇതിൽ മഹത്തായ ഈ സഭയുടെ കീഴ്‌വഴക്കങ്ങളുടെയും ചട്ടങ്ങളുടെയും എന്തെങ്കിലും ലംഘനമുള്ളതായി കാണാൻ കഴിയുന്നില്ല. അതിനാൽ ക്രമപ്രശ്നം നിലനിൽക്കുന്നതല്ലെന്ന് ചെയർ റൂൾ ചെയ്യുന്നു."

The House passed the motion moved by the Chief Minister to adjourn the House sine die.

National Anthem was sung at the end of the proceedings.

The House adjourned sine die at 9.42 a.m.

V. K. BABU PRAKASH,
*Secretary.*